## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *88

30/06/2015-ൽ മറുപടിക്ക്

# ഔഷധ വില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എളമരം കരീം<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) കേന്ദ്രസർക്കാർ ഔഷധ വില നിയന്ത്രണ നിയമത്തിൽ ഇളവു വരുത്തിയത് സംസ്ഥാനത്ത് മരുന്നുകൾക്ക് വില കുതിച്ചുയരുവാൻ കാരണമായത് പരിശോധിച്ചിട്ടുണ്ടോ; | എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ നിരന്തരമായി ഔഷധ വിലയുടെ വ്യത്യാസം പരിശോധിക്കുകയും അവർ മാസം തോറും റിപ്പോർട്ട് നൽകാറുമുണ്ട്. തദവസരത്തിൽ മരുന്നു കമ്പനികൾ നിയമവിധേയമായിട്ടല്ലാതെ അമിതവില ഈടാക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ചില കമ്പനികൾ കൂടിയ വിലയ്ക്ക് വിൽപ്പന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് അനന്തര നടപടികൾക്കായി ദേശീയ വില നിയന്ത്രണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. |
| ബി) സാധാരണക്കാരന് നിലവാരമുള്ള ആരോഗ്യസേവനം സാമ്പത്തിക ക്ലേശം കൂടാതെ നൽകുന്നതിന് 1977ലെ ഔഷധ വില നിയന്ത്രണ നിയമത്തിന്റെ മാതൃകയിൽ സമഗ്രമായ നിയമം നടപ്പാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനുനടപടി സ്വീകരിക്കുമോ ; | ബി) 1979-ലെ ഔഷധ വില നിയന്ത്രണ നിയമം വിവിധ ഘട്ടങ്ങളിൽ പരിഷ്കരിച്ചിട്ടുണ്ട്. 2013-ൽ പുതിയ നിയമം ഇറക്കിയിട്ടുണ്ട്. അതിൽ 348 മരുന്നുകളുടെ വില നിയന്ത്രിച്ചിരുന്നു. ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 ലെ അപാകതകൾ പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ വകുപ്പു തലത്തിൽ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| സി) ഔഷധ വിലക്കയറ്റത്തിൽ നിന്ന് ആശ്വാസം നൽകാനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ | സി) വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഏക ഔഷധ നിർമ്മാണ കമ്പനിയായ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് |

| | |
|---|---|
| പ്രവർത്തനം വിപുലീകരിക്കാനും നവീകരിക്കാനും നടപടി സ്വീകരിക്കുമോ ? | ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിന് ആവശ്യമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. 28/10/2014-ൽ ബഹു. മുഖ്യമന്ത്രിയുടേയും ബഹു. വ്യവസായ, ആരോഗ്യ വകുപ്പ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നത തല യോഗം, അലോപ്പതി മരുന്നുകളുടെ വിലവർദ്ധനവ് നേരിടുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകൾ ന്യായ വിലയ്ക്ക് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കമ്പനിക്ക് 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കമ്പനിയുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായുള്ള എൻ.എ.ബി.എൽ അക്രഡിറ്റ് ലബോറട്ടറി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം തന്നെ ബീറ്റാലാക്ടം കുത്തിവെയ്പ്പ് മരുന്നുകളുടെ ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ